# "ദൈവ സ്തുതി"

## സങ്കീർത്തനങ്ങൾ 139:14

"ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു.''

ഭൂമിയിൽ ജനിച്ച മനുഷ്യരെല്ലാം ദൈവീക പദ്ധതിക്കുള്ളിൽ പിറന്നു വീണവരാണ്. പക്ഷെ സൃഷ്ടാവിന്റെ ഉദ്ദേശ്യം തിരിച്ചറിയാതെ പോകുന്നവരാണെന്നതാണ് യാഥാർത്ഥ്യം. ദൈവം നമ്മെ വ്യക്തിപരമായി അറിയുന്നു എന്നത് എത്രയോ ഭാഗ്യകരമായ അവസ്ഥയാണ്. മനുഷ്യ ശരീരഘടന തന്നെ എത്രയോ വിലപിടിപ്പുള്ള സങ്കേതിക വൈദഗ്ദ്യത്തിന്റെ പ്രദർശനമാണ്. മനുഷ്യന്റെ ബുദ്ധികൊണ്ട് അവനുണ്ടാക്കിയ ഒരു യന്ത്രത്തിനു മനുഷ്യ ശരീരത്തിലെ ഒരു അവയവത്തേയും തോൽപിക്കാനാവില്ല. മനുഷ്യന്റെ തലച്ചോർ ഇന്നും ഒരു വിസ്മയമായി നില കൊള്ളുന്നു. അതു പോലെ തന്നെ മറ്റോരോ അവയവങ്ങളും.

ഇത്രയധികം പ്രത്യേകതകളോടെ മനുഷ്യനെ നിർമ്മിച്ച ദൈവത്തിന് അവനെ കുറിച്ച് വ്യക്തമായ ഉദ്ദേശ്യം ഉണ്ട്. ഓരോ വ്യക്തിയിലും സൃഷ്ടാവിന്റെ കയ്യൊപ്പ് പതിഞ്ഞിരിക്കുന്നു. സർവ്വ ശക്തനായ ദൈവത്തിന്റെ പുതിയ മോഡലുകൾ ഇന്നും വന്നു കൊണ്ടിരിക്കുന്നു.

ദൈവസൃഷ്ടിയിൽ ഓരോരുത്തരും പ്രത്യേകതകളുള്ളവരും, വ്യത്യസ്തരും, വിലപ്പെട്ടവരുമാണെന്ന് ഓർക്കുക. ആരും നമ്മെ പരിഗണിച്ചില്ലെങ്കിലും പിതാവ് നമ്മെ കരുതുന്നു. അതു കൊണ്ട് നാം എന്ത് ചെയ്യണമെന്ന് വചനം വ്യക്തമായി പറയുന്നു.

**യെശയ്യാവ് 43:21**

"ഞാൻ എനിക്കു വേണ്ടി നിർമ്മിച്ചിരിക്കുന്ന ജനം എന്റെ സ്തുതിയെ വിവരിക്കും.''

നമ്മുടെ ജീവിതത്തിന്റെ അഭിലാഷം ഇതായിരിക്കട്ടെ. ഒരുവന്റെ ജീവിതം ദൈവനാമ മഹത്വത്തിനായി ഉപയോഗിക്കുമ്പോഴാണ് ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നത്. ദൈവത്തിന്റെ പരിശുദ്ധമായ നാമം നമ്മുടെ ജീവിതത്തിൽ വിശുദ്ധമാക്കപ്പെടുമ്പോൾ, എല്ലാം ദൈവനാമ മഹത്വത്തിനായി തീരുമ്പോൾ, നമ്മുടെ സൃഷ്ടാവ് സന്തോഷിക്കുന്നു. സൃഷ്ടിയുടെ ഉദ്ദേശ്യം പൂർണ്ണമാകുന്നു. ദൈവത്തിനു വിലയേറിയവനും മാന്യനുമായി തീരുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

**സങ്കീർത്തനങ്ങൾ 146:1–2**

“യഹോവയെ സ്തുതിപ്പിൻ; എൻ്മനമേ, യഹോവയെ സ്തുതിക്ക. ജീവനുള്ളെന്നും ഞാൻ യഹോവയെ സ്തുതിക്കും. ഞാൻ ഉള്ള കാലത്തോളം എന്റെ ദൈവത്തിന്നു കീർത്തനം ചെയ്യും”

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 012**